(8) പരിസ്ഥിതി കമ്മിറ്റിയുടെ 9-ഉം 10-ഉം റിപ്പോർട്ടുകൾ

ശ്രീ. തമ്പാനൂർ രവി: സർ, പരിസ്ഥിതി സമിതിയുടെ 9-ഉം, 10-ഉം റിപ്പോർട്ടുകൾ മെയർമാന്യവേണ്ടി ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: ഔട്ട് ഓഫ് അജണ്ട ആയിട്ട് എഡ്യൂക്കേഷൻ മിനിസ്റ്റർക്ക് കെ. പി. രാധാകൃഷ്ണമേനോൻ കമ്മീഷൻ റിപ്പോർട്ട് അവതരിപ്പിക്കാൻ സമയം കൊടുക്കുന്നു.

(9) ജസ്റ്റീസ് രാധാകൃഷ്ണമേനോൻ കമ്മീഷൻ റിപ്പോർട്ട്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ പരീക്ഷാ നടത്തിപ്പിൽ ഉണ്ടായിട്ടുള്ള തായി പറയപ്പെടുന്ന ക്രമക്കേടുകളെക്കുറിച്ച് അന്വേഷിച്ച ജസ്റ്റീസ് കെ. പി. രാധാകൃഷ്ണമേനോൻ കമ്മീഷൻ റിപ്പോർട്ടും അതിൽ ഗവൺമെന്റ് സ്വീകരിച്ച നടപടികളുടെ സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

IX റിപ്പോർട്ട് പരിഗണന

(1) കാര്യോപദേശക സമിതിയുടെ 33-ാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, കാര്യോപദേശക സമിതിയുടെ 33-ാമത് റിപ്പോർട്ട് പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

കാര്യോപദേശക സമിതിയുടെ 33-ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

(2) പ്രിവിലേജസ് കമ്മിറ്റിയുടെ 10 മുതൽ 13 വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. ജോർജ്ജ് ജെ. മാത്യു: സർ, പ്രിവിലേജസ് കമ്മിറ്റിയുടെ 10 മുതൽ 13 വരെയുള്ള റിപ്പോർട്ടുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എം. സൂപ്പി: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പ്രിവിലേജസ് കമ്മിറ്റിയുടെ 10 മുതൽ 13 വരെയുള്ള റിപ്പോർട്ടുകൾ സഭ അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly